# ലിറ്റിൽ കൈറ്റ്സ്









# മെട്രോപോലിറ്റൻ ഹയർ സെക്കണ്ടറി സ്കൂൾ

# ഒരു ലിറ്റിൽ
# കൈറ്റ്സ് സംരംഭം





ഞങ്ങളുടെ സ്ഥാപകാചാര്യൻ
പുത്തൻകാവിൽ കൊച്ചുതിരുമേനി




## സ്കൂൾ ഹെഡ്മമാസ്റ്റർ

**ശ്രീ. എബി അലക്സാണ്ടർ**

( ഹൈസ്കൂൾ )



## സ്കൂൾ പ്രിൻസിപ്പാൾ

**ശ്രീമതി. പ്രിയ ജേക്കബ്**

( ഹയർ സെക്കണ്ടറി )

പ്രിയപ്പെട്ട കൂട്ടുകാരെ,

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു , ആധുനിക സാങ്കേതിക വിദ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്ന ഈയുഗത്തിൽ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട്

ഇത്തരം ഒരു സംരംഭം എഴുത്തിന്റെയും വായനയുടെയും ലോകത്തെ സൃഷ്ടിച്ചവരിൽ ഏവരെയും അഭിനന്ദിക്കുന്നു. നമ്മുടെ സ്കൂൾ ഹൈടെക്ക് വിദ്യാലയമായ് ഉയർന്നതിനോടൊപ്പം കുട്ടികളും അവരുടെ ചിന്താധാര ഈ സാങ്കേതിക അനുസൃതമായ്

രൂപപ്പെടുത്തിയതിൽ അഭിമാനിക്കുന്നു.സർവ്വ മംഗളങ്ങളും നേരുന്നു...



സ്നേഹപൂർവ്വം,

പ്രിയാ ജേക്കബ്

[ പ്രിൻസിപ്പാൾ ]

# സന്ദേശം

മെട്രോപ്പോലീറ്റൻ ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ "നിറവ്" എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു.
വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിക്കുന്നതിൽ ഇത്തരത്തിലുള്ള മാഗസിനുകളുടെ നിർമ്മാണം കുട്ടികളെയേറെ സഹായിക്കുന്നു . ഈ പ്രസിദ്ധീകരണത്തിന്റെ നിർമ്മാണത്തിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും അനുമോദിക്കുന്നതിനൊപ്പം എല്ലാവിധ ആശംസകളും നേരുന്നു ........



എന്ന്,സ്നേഹത്തോടെ

എബി അലക്സാണ്ടർ

ഹെഡ്മാസ്റ്റർ

# സ്കൂൾ സ്റ്റാഫ്




# 2023 -24

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# 8th , 9th, 10th

# ലിറ്റിൽ കൈറ്റ്സ് അറിവിന്റെ പാതയിലൂടെ




പുതുപുത്തൻ സാങ്കേതിക വിദ്യയുടെ-
ലിറ്റിൽ കൈറ്റ്സിന്റെ ആരാമത്തിൽ
നറുമണം
പരത്തുന്ന പൂക്കൾ വിരിയിക്കാനായ്
ഞങ്ങളും ജാക്ത്രകാരാകുന്നു

# ലിറ്റിൽ കൈറ്റ്സ് അധ്യാപകർ



**ശ്രീമതി.ആശ ജോയ്**

> സാമൂഹ്യ ശാസ്ത്രം
> IT



**ശ്രീമതി.ജിൻസി എം എബ്രഹാം**

>ബയോളജി
> IT



ശ്രീമതി.സിനു റെയ്ച്ചൽ ഡാനിയേൽ

>മലയാളം

> IT

## ചീഫ് എഡിറ്ററുകൾ

ശ്രീമതി.ആശ ജോയ്



ശ്രീമതി.ജിൻസി എം എബ്രഹാം



# ശാസ്ത്ര പ്രദർശനം





# സ്റ്റുഡന്റ് എഡിറ്റർ



**Joseph Joe Idicula**

9C ( 2023 -24 )

**Second-year member of Little Kites**

## മെയിൻ സബ് എഡിറ്റർ



**Timothy Zachriah**

9B (2023 - 24)

**Second-year member of Little Kites**



# നിറവ്

# കൂട്ടുകാരൻ

കൂട്ടുകാരനായെന്റെ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി
കാറ്റിനോട് കഥമെനഞ്ഞും
കടലിനോട്ടുകളിപറഞ്ഞും
കാടായ കാടെല്ലാം,മേടായ മേടെല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടിനോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചിച്ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ

– എ ഉണ്ണികൃഷ്ണൻ

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതീ മനഃശാന്തിതരും
മമ ജന്മ നാടേ... മനോഹരി ......

കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണുമാറഴകാർന്ന –
രുവികളുമതിരിൽ മേഘ മേലാപ്പു–
തൊട്ടു മുത്തുംഗ മേരുക്കളും
പച്ചപട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യ
ശീതളമാമലഞ്ഞൊറിയിളകും
കോമളനദികളുംഈറൻ തടങ്ങളും
മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയം

ഷാനോൻ.ടി.വർഗ്ഗീസ്
( 8B )

# മാണിക്യവീണ

വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ–
നന്ദിനിയായി വളർന്ന ഭാഷേ
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ

ജീവനു നൂതനമുന്മേഷം പകർന്നീടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ

വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ

ജോഷ്വ ( 8B )

## ശാസ്ത്രജ്ഞനും ദൈവവും

: ഒരിക്കൽ പ്രഗത്ഭനായ ഒരു ശാസ്ത്രജ്ഞൻ ഉണ്ടായിരുന്നു. അദ്ദേഹം വലിയ പരീക്ഷണങ്ങളും, കണ്ടുപിടിത്തങ്ങളും നടത്തി വളരെ ഉന്നത സ്ഥാനത്തു എത്തി. അദ്ദേഹം തന്റെ ശാസ്ത്രബോധത്തിൽ വലിയ അഭിമാനം കൊണ്ട്, അത് കുറച്ചു അഹങ്കാരത്തിലേക്കും നയിച്ചു. ഒരിക്കൽ അദ്ദേഹം ദൈവത്തോട് വാദിച്ചു, " ദൈവമേ ഞങ്ങൾക്ക് അങ്ങയെ കൊണ്ട് ഇനി ആവശ്യം ഇല്ല. ഞങ്ങൾ ശാസ്ത്രജ്ഞന്മാർ ഇപ്പോൾ എന്ത് നിർമിക്കാനും സൃഷ്ടിക്കാനും ഞങ്ങളുടെ ശാസ്ത്രത്തിനു കഴിയും. "

അപ്പോൾ ദൈവം പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു, " ഓഹോ , അങ്ങനെ ആണോ. എങ്കിൽ കൂടുതൽ പറയു, കേൾക്കട്ടെ ".

ശാസ്ത്രജ്ഞൻ തുടർന്ന് പറഞ്ഞു, " ഞങ്ങൾക്കും അങ്ങയെ പോലെ നിലത്തുള്ള മണ്ണ് ഉപയോഗിച്ച് മനുഷ്യരൂപം ഉണ്ടാക്കി അതിനു ജീവൻ കൊടുത്തു മനുഷ്യനെ ഉണ്ടാക്കാൻ കഴിയും".

അപ്പോൾ ദൈവം പുഞ്ചിരിച്ചു പറഞ്ഞു, " കൊള്ളാമല്ലോ, ഇത് വളരെ താല്പര്യം ഉണ്ടാക്കുന്ന കാര്യം ആണല്ലോ. എങ്കിൽ അതൊന്നു കാണിക്കു ".

അങ്ങനെ ദൈവവും ശാസ്ത്രജ്ഞനും കൂടി ഒരു നല്ല നിലത്തു എത്തി , എന്നിട്ടു അദ്ദേഹം നിലത്ത് നിന്ന് മണ്ണ് ഉപയോഗിച്ച് മനുഷ്യരൂപം ഉണ്ടാക്കാൻ തുടങ്ങി.

അപ്പോൾ ദൈവം ഇടപെട്ടു പറഞ്ഞു, " ഇത് പറ്റില്ല. നിങ്ങളുടെ സ്വന്തം ആയി ഉണ്ടാക്കിയ മണ്ണ് ഉപയോഗിക്കു. ഇത് ഞാൻ സൃഷ്ടിച്ച മണ്ണ് അല്ലെ.

ഇത് കേട്ട ശാസ്ത്രജ്ഞന് തന്റെ അമളി മനസിലായി.

ശാസ്ത്രത്തിനു വളരെ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ അതെല്ലാം ദൈവം സൃഷ്ടിച്ചതിൽ നിന്ന് എടുത്ത് ആണ്. അങ്ങനെ ആ ശാസ്ത്രജ്ഞന് തന്റെ തെറ്റ് മനസിലായി.

ഒരിക്കലും നമ്മുടെ നേട്ടത്തിൽ നമ്മൾ അഹങ്കാരികരുതു. നമ്മുക്ക് നമ്മുടെ നേട്ടത്തിൽ അഭിമാനിക്കാം, അത് നമ്മളെ മുന്നോട്ടു നയിക്കാൻ ഉള്ള ഊർജം നൽകും, പക്ഷെ ആ അഭിമാനം ഒരിക്കലും അഹങ്കാരമായി മാറരുത്. എപ്പോൾ അഹങ്കാരം തുടങ്ങുന്നുവോ, അപ്പോൾ പതനം ആരംഭിക്കും. ഉയരത്തിൽ എത്തും തോറും വിനയം കൂടുതൽ ഉള്ള ആളായി തീരുക.

## മഹത് വചനങ്ങൾ

. സത്യത്തിന്റെ പാത ഇടുങ്ങിയതും നേരെയുള്ളതുമാണ്.

. പ്രകാശമെന്നത് ഈശ്വരന്റെ നിഴലാണ്.


.കണക്കിലേറെ കരുതലായാൽ കാര്യം ഫലം തുച്ഛം.

.വെളിച്ചത്തിൽ തനിയെ നടക്കുന്നതിലും ഭേദം ഇരുട്ടത്തു ഒരു ചങ്ങാതിക്കൊപ്പം നടക്കുന്നതാണ്.

.സ്ത്രീ നിഴലാണ് അടുക്കുംതോറും അകലും .അകലുംതോറും അടുക്കും.

.സ്നേഹമില്ലാത്ത ജീവിതമെന്നത് മരണത്തിന് തുല്യമാണ്.

.നമുക്ക് പരസ്പരം പുഞ്ചിരികൊണ്ട് ഇടപെടാം കാരണം പുഞ്ചിരിയെന്നത് സ്നേഹത്തിനാരംഭമാണ്.


"അനന്തമായ സാധ്യതകളുടെ
ഭാവിയിലേക്കുള്ള പാസ്പോർട്ടാണ്
വിദ്യാഭ്യാസം, അവിടെ പഠിച്ച
ഓരോ പാഠവും വിജയവും
സംതൃപ്തിയും നിറഞ്ഞ
ജീവിതത്തിലേക്കുള്ള
ചവിട്ടുപടിയായി മാറുന്നു."

# നന്ദി